# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

ബിരുദ (CBCS 2017) പ്രോഗ്രാമുകളുടെ ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളുടെ പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണം സംബന്ധിച്ച നിർദ്ദേശങ്ങൾ - അംഗീകരിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

അക്കാദമിക്ക് എ9 സെക്ഷൻ

സ.ഉ.നം.3482/എസി എ9/3/സിലബസ് പരിഷ്കരണം/216-2017 പി.ഡി.ഹിൽസ്, തീയതി; 12.06.2017

---

പരാമർശം: 01.06.2017 തീയതിയിലെ 3302/എസി.എ9/ സിലബസ് പരിഷ്കരണം/2017 നമ്പർ സർവ്വകലാശാല ഉത്തരവ്.

## ഉത്തരവ്

പരാമർശം പ്രകാരമുള്ള സർവ്വകലാശാല ഉത്തരവ് പ്രകാരം ബിരുദ (CBCS 2017) പ്രോഗ്രാമുകളുടെ പുതുക്കിയ റഗുലേഷൻ, സ്കീം, സിലബസ് ടെക്സ്റ്റ് ബുക്കുകൾ എന്നിവ അക്കാദമിക് കൗൺസിൽ അംഗീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. അപ്രകാരം അക്കാദമിക് കൗൺസിൽ അംഗീകരിച്ച ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളുടെ പാഠപുസ്തകങ്ങളുടെ പ്രസിദ്ധികരണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് ബഹു. വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

1) മുൻ കാലങ്ങളിലേതുപോലെ, ഇംഗ്ലീഷ്, ഹിന്ദി, മലയാളം ഭാഷകളുടെ പാഠപുസ്തകങ്ങളുടെ സർവ്വകലാശാല അനുയോജ്യരായ പ്രസാധകരുമായി ചേർന്ന് സഹപ്രസിദ്ധീകരണം നടത്താവുന്നതാണ്.
2) അനുയോജ്യരായ പ്രസാധകരെ കണ്ടെത്താനും, അവരുമായി പ്രസിദ്ധീകരണം സംബന്ധിച്ച (പകർപ്പവകാശം ഉൾപ്പെടെയുള്ള) കാര്യങ്ങളും, മറ്റ് വ്യവസ്ഥകളും ഉപാധികളും നിശ്ചയിക്കുന്നതിനായി പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് ഡയറക്ടറുടെ ചുമതല വഹിക്കുന്ന അധ്യാപകൻ കൺവീനറായി ജോയിന്റ് രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ I) ജോയിന്റ് രജിസ്ട്രാർ (അഡ്മിനിസ്ട്രേഷൻ II) ജോയിന്റ് രജിസ്ട്രാർ (ഫിനാൻസ്) എന്നിവരടങ്ങുന്ന സമിതിയെ നിയോഗിക്കാവുന്നതാണ്.
3) പ്രസിദ്ധീകരണം സംബന്ധിച്ച തുടർനടപടികൾക്കായി, ഡയറക്ടർ, ഡിപ്പാർട്ട്മെന്റ് ഓഫ് പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗിനെ ചുമതലപ്പെടുത്താവുന്നതാണ്.

17 copy

4) പാഠപുസ്തകങ്ങൾ സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നതിന് താഴെ പറയുന്ന സമയക്രമം പാലിക്കാവുന്നതാണ്.

1) ഒന്നാം സെമസ്റ്റർ കോഴ്സുകളുടെ പാഠപുസ്തകങ്ങൾ, ഒന്നാം സെമസ്റ്റർ ക്ലാസുകൾ ആരംഭിക്കുന്ന 29.06.2017-ാം തീയതിക്ക് മുൻപെ പ്രസിദ്ധീകരണം പൂർത്തിയാക്കേണ്ടതാണ്.

2) രണ്ടാം സെമസ്റ്റർ കോഴ്സുകളുടെ പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണം 2017 സെപ്റ്റബർ 30-ന് മുൻപായും, മറ്റ് സെമസ്റ്ററുകളുടെ (3,4,5,6) പാഠപുസ്തകങ്ങളുടെ പ്രസിദ്ധീകരണം 2017 ഡിസംബർ 31-ന് മുൻപായും പൂർത്തിയാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
സതീഷ് ചന്ദ്രൻ നായർ .പി എസ്
അസിസ്റ്റന്റ് രജിസ്ട്രാർ III (അക്കാദമിക്ക്)
രജിസ്ട്രാർക്കുവേണ്ടി

പകർപ്പ്:

1) വി.സി/പി വി സി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്ട്രാർ/പരീക്ഷാകൺട്രോളർ/എഫ്. ഒ എന്നിവരുടെ പി.എ.മാർ
3) ജെ.ആർII/ഡി.ആർ(അക്കാദമിക്ക്)/എ.ആർ (അക്കാദമിക്ക്)
4) ഡയറക്ടർ, പ്രിന്റിംഗ് ആന്റ് പബ്ലിഷിംഗ് (തുടർനടപടികൾക്കായി)
5) എസി.സി/പി.ആർ.ഒ സെക്ഷനുകൾ
6) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
7) സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ഫയൽ നം: Ac.IX/3/Syllabus Restructuring/216-2017